# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 04 PUBLISHED FROM DELHI PRICE Rs. 3/- APRIL 2013

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ സമാപിച്ചു

**അടൂർ:** 2013 ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 19-ാമത് ജനറൽ കൺവൻഷൻ ഐക്യ സഭായോഗത്തോടെ അനുഗ്രഹീതമായ പരിസമാപ്തി. ആത്മനിറവിലുള്ള ആരാധനയും അതിശക്തമായ ദൈവവചന ഘോഷണവും, ബൈബിൾ കോളജ് ബിരുദദാന ശുശ്രൂഷയും വർണ്ണാഭമായ വാർഷികയോഗങ്ങളും കൺവൻഷനെ ശ്രദ്ധേയമാക്കി. ഫെബ്രുവരി 28-ന് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം സാമുവൽകുട്ടി കൺവൻഷൻ ഉത്ഘാടനം ചെയ്തു. സമകാലിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന പ്രതിസന്ധിയുടെ കാരണം മനുഷ്യൻ ദൈവത്തിൽ നിന്നും ദൈവ കൽപ്പനകളിൽ നിന്നും അകന്നുപോയതാണെന്ന് പാസ്റ്റർ എം സാമുവൽകുട്ടി പ്രസ്താവിച്ചു. ദൈവജനം പത്തുകൽപ്പനകളിലേക്ക് മടങ്ങിവരണമെന്ന ആഹ്വാനവും അദ്ദേഹം നൽകി. ഐ.സി.എം. ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ ജെ.സി പാറക്കടവിൽ മുഖ്യ സന്ദേശം നൽകി. ദൈവത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തിന് പകർത്തിയെടുക്കുവാൻ




പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ പാസ്റ്റർമാരായ സി. ജെ. മനുവേൽ, ജെ.സി. പാറക്കടവിൽ, ബിജു ബഞ്ചമിൻ, വി.എം. ഏബ്രഹാം തുടങ്ങിയവർ.

ദൈവിക വിശുദ്ധിയാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. പഴയനിയമത്തിൽ കാണുന്ന സമാഗമനകൂടാരത്തിലെ നിയമപ്പെട്ടകം പ്രതിനിധാനം ചെയ്യുന്ന ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ഉത്ഥാനത്തിന്റെ സാദ്ധ്യതകൾ താൻ വിവരിച്ചു.

മാർച്ച് 1ന് രാവിലെ 10 മണിക്ക് ശുശ്രൂഷക സമ്മേളനം ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് നടന്നു. പാസ്റ്റർ എം.സാമുവൽകുട്ടി ക്ലാസ്സുകൾ നയിച്ചു. വൈകിട്ട് നടന്ന പൊതുയോഗത്തിൽ പാസ്റ്റർ ഷാജു സി. ജോസഫ് ദൈവവചനം ശുശ്രൂഷിച്ചു. ജീവിതാവസാനം വരെ മനുഷ്യന് ആവശ്യമാണ് മാനസാന്തരം എന്ന് പാസ്റ്റർ ഷാജു പ്രസ്താവിച്ചു. മനുഷ്യവർഗ്ഗം ദൈവത്തിങ്കലേക്ക് തിരിയുന്നതാണ് യഥാർത്ഥ മാനസാന്തരമെന്ന് അദ്ദേഹം പറഞ്ഞു. യോഗത്തിൽ പാസ്റ്റർ സുമേഷ് പിലാസർ അദ്ധ്യക്ഷത വഹിച്ചു.

മാർച്ച് 2 ശനിയാഴ്ച രാവിലെ 10:30 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അഞ്ചാമത് ബിരുദദാന ശുശ്രൂഷ അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടന്നു. വിവിധ കോഴ്സുകളിലായി 14 വിദ്യാർത്ഥികൾ കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയിൽ നിന്നും ബിരുദങ്ങൾ ഏറ്റു വാങ്ങി. റവ ഡോ. എം സ്റ്റീഫൻ മുഖ്യാതിഥിയായിരുന്നു. ഒരു നല്ല വേലക്കാരനാവശ്യമായിരിക്കുന്ന ഗുണഗണങ്ങൾ അദ്ദേഹം വ്യക്തമാക്കി.

(ശേഷം നാലാം പേജിൽ)

## കൽപ്പനകളിലേക്ക് ജനം മടങ്ങി വരണം : പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:** പത്തുകൽപ്പനകളുടെ ആത്മീയവും സദാചാരപരവുമായ അംഗീകരണത്തിലേക്കും അനുസരണത്തിലേക്കും ജനം കടന്നുവരണമെന്നും ഇന്നത്തെ ആഗോളവ്യാപകമായ മൂല്യച്യുതിയുടെ കാരണം ജനം ദൈവത്തിൽനിന്നും ദൈവ കൽപ്പനകളിൽ നിന്നും അകന്നു പോകുന്നതാണെന്നും പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 19-ാ മത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ദൈവം വിവിധ നിലകളിൽ മനുഷ്യവർഗ്ഗത്തോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ പത്തു കൽപ്പനകൾ പകർന്നു നൽകുമ്പോൾ സംസാരിച്ചതുപോലെ പ്രൗഢവും ഗംഭീരവുമായി ദൈവം മറ്റൊരവസരത്തിലും സംസാരിച്ചിട്ടില്ല. പത്ത് കൽപ്പ

(ശേഷം രണ്ടാം പേജിൽ)

## ദൈവത്തിൽ നിന്ന് പകർത്തിയെടുക്കേണ്ടത് വിശുദ്ധി : പാസ്റ്റർ ജെ.സി. പാറക്കടവിൽ

**അടൂർ:** സർവ്വശക്തനായ ദൈവത്തിൽ നിന്ന് പകർത്തിയെടുക്കേണ്ട ദൈവീക സ്വഭാവസവിശേഷതയാണ് വിശുദ്ധി എന്ന് പാസ്റ്റർ ജെ.സി. പാറക്കടവിൽ പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 19ാമത് ജനറൽ കൺവൻഷന്റെ ആദ്യദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. പഴയനിയമവും പുതിയ നിയമവും തമ്മിൽ നിഴൽപൊരുൾ ബന്ധമാണെന്നും പഴയനിയമത്തിലെ സമാഗമനകൂടാരത്തെകുറിച്ചുള്ള പഠനം ക്രിസ്തീയ വിശ്വാസത്തിനും വേദശാസ്ത്രത്തിനും മുതൽക്കൂട്ടാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഭൂമിയുടെ സൃഷ്ടിയെക്കുറിച്ച് പറയുവാൻ 2 അദ്ധ്യായങ്ങൾ മാത്രം വേദപുസ്തകത്തിലുള്ളപ്പോൾ സമാഗമനകൂടാരത്തിന്റെ നിർമ്മാണത്തെ വിവരിക്കുന്ന 24 അദ്ധ്യായങ്ങളാണുള്ളത്. സമാഗമന കൂടാരത്തിലെ നിയമപെട്ടകം മരണത്തെ

(ശേഷം രണ്ടാം പേജിൽ)

## മരണം വരെ വിശുദ്ധന് വേണ്ടത് മാനസാന്തരം : പാസ്റ്റർ ഷാജു. സി. ജോസഫ്

**അടൂർ:** മരണം വരെ ഒരു വിശുദ്ധന് ആവശ്യമായത് മാനസാന്തരമാണെന്ന് പാസ്റ്റർ ഷാജു സി. ജോസഫ്. ജനറൽ കൺവൻഷന്റെ രണ്ടാം ദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ മെച്ചപ്പെട്ട ധാർമ്മീകതയ്ക്കുവേണ്ടി മനസ്സിനെ രൂപാന്തരപ്പെടുത്തുന്നതാണ് മാനസാന്തരം. മനുഷ്യൻ ദൈവത്തിങ്കലേക്ക് തിരിയുമ്പോഴാണ് മാനസാന്തരം പൂർണ്ണമാകുന്നത്. പശ്ചാത്താപവും കുറ്റബോധവും മാനസാന്തരമല്ല. അത് വൈകാരികമായ പ്രകടനം മാത്രമാണ്. ആയിരം പാപങ്ങൾ ചെയ്തശേഷം പതിനായിരം തവണ പശ്ചാത്തപിച്ചാലും അത് മാനസാന്തരമാകുന്നില്ല. പൂർണ്ണനായ ദൈവത്തെ കണ്ടുമുട്ടുമ്പോഴാണ് നമ്മുടെ അപൂർണ്ണതയും അപര്യാപ്തതയും നാം മനസ്സിലാക്കുന്നത്. യെശയ്യാവ് വിശുദ്ധനായ ദൈവത്തിന്റെ ദർശനം കണ്ടപ്പോൾ തന്റെ അശുദ്ധി അവൻ

(ശേഷം രണ്ടാം പേജിൽ)

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 5-ാമത് ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ അഞ്ചാമത് ബിരുദദാന ശുശ്രൂഷ 2013 മാർച്ച് 2 ശനിയാഴ്ച അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടന്നു. ക്രമീകൃതമായ വേദശാസ്ത്ര വിദ്യാഭ്യാസവും പ്രവർത്തി പരിചയവും കോർത്തിണക്കി സുവിശേഷവയലിലേക്ക് പരിശുദ്ധാത്മ ദർശനം പ്രാപിച്ച യുവതീയുവാക്കളെ പരിശീലിപ്പിച്ചയക്കുന്ന സ്ഥാപനം ഏട്ടാമത് പ്രവർത്തന വർഷത്തിലേക്ക് പ്രവേശിച്ചു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 14 വിദ്യാർത്ഥികൾക്ക് 5-ാമത് ഗ്രാജുവേഷനിൽ ബിരുദം ലഭിച്ചു. ബിരുദദാരികളുടെ വർണ്ണശബളമായ പ്രവേശനത്തിന് ശേഷം ശുശ്രൂഷകൾ ആരംഭിച്ചു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷനായിരുന്നു. ഗുണനിലവാരമുള്ള സുവിശേഷകരെ വാർത്തെടുക്കുന്നതാണ് എഫ്.സി.ബി.സിയുടെ ലക്ഷ്യമെന്ന് ഡയറക്ടറുടെ സന്ദേശത്തിൽ പാസ്റ്റർ എം. സാമുവൽകുട്ടി പറഞ്ഞു. ഈ വർഷത്തെ പഠനവിഷയമായി തെരെഞ്ഞെടുത്തത് നല്ല വേലക്കാരനാവുക എന്നതാണ് (2 തിമൊ 2:15). ഭാരത സുവിശേഷീകരണത്തിൽ ഐ.സി എം പ്രതിജ്ഞാബദ്ധരാണെന്ന് പാസ്റ്റർ എടുത്തുപറഞ്ഞു. റവ. ഡോ. എം. സ്റ്റീഫൻ മുഖ്യാതിഥിയായിരുന്നു. ഒരു നല്ല വേലക്കാരൻ ദൈവവചനം പഠിക്കുന്നവനും അത് ശരിയായി വ്യാഖ്യാനിക്കുന്നവനുമാകണമെന്ന് ഡോ.സ്റ്റീഫൻ ചൂണ്ടികാട്ടി. പാശ്ചാത്യർ ഉരുവിടുന്ന പല ഉപദേശങ്ങളും അപ്പാടെ സ്വീകരിക്കുവാനാണ് നാം തയ്യാറാകുന്നത്. എന്നാൽ അവയുടെ ശരിയായ വ്യാഖ്യാനവും അവയോട് ക്രിയാത്മകമായ സമീപനവും നമുക്കുണ്ടാകണം, റവ. ഡോ. എം സ്റ്റീഫൻ

(ശേഷം നാലാം പേജിൽ)




ബിരുദദാന ചടങ്ങിൽ ഡോ. എം. സ്റ്റീഫൻ മുഖ്യസന്ദേശം നൽകുന്നു.

## ദൈവന്യായവിധിയിൽ നിന്ന് തെറ്റി ഒഴികക : ഡോ. ബി. വർഗ്ഗീസ്, മണക്കാല

**അടൂർ:** ദൈവന്യായവിധിയിൽ നിന്ന് തെറ്റി ഒഴിയുവാൻ പാപജീവിതം ഉപേക്ഷിച്ച് വിശുദ്ധനായി ജീവിതം നയിക്കണമെന്ന് ഡോ. ബി. വർഗ്ഗീസ് (മണക്കാല) പ്രസ്താവിച്ചു. ജനറൽ കൺവൻഷന്റെ മൂന്നാം ദിവസത്തെ പൊതുയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്ത്യകാലത്തിന്റെ അടയാളമായി കർത്താവ് പറഞ്ഞ രണ്ട് കാലഘട്ടത്തെ കുറിച്ച് ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്നുണ്ട്. ആ കാലങ്ങളെ പോലെ അസാൻമാർഗിയതയും മ്ലേച്ഛതയും അനുസരണക്കേടും മറ്റും ലോകത്തിൽ വർദ്ധിച്ചിരിക്കുന്നു. പാപപ്രവൃത്തികളിൽ മുഴുകി ജീവിച്ച പഴയനിയമകാലത്തെ ജനത്തെ ദൈവം ന്യായം വിധിച്ചതുപോലെ ഈ പാപലോകത്തെയും ന്യായം വിധിക്കും. ആ ന്യായവിധിയിൽ നിന്ന് തെറ്റി ഒഴിയുവാൻ ഒറ്റ മാർഗമേയുള്ളൂ, കർത്താവിലേക്ക് മടങ്ങിവരിക.

പത്രാധിപ ലേഖനം.......

# മുക്കുവന്റെ മോതിരം



കാർൾ യൂസഫ് വൈറ്റിവ എന്ന പേര് പെട്ടന്ന് ആരും ഓർത്തെടുത്തെന്നു വരില്ല. കൂടെ കർദ്ദിനാൾ എന്ന സ്ഥാനപ്പേര് ചേർത്താൽ ചിലരെങ്കിലും ഓർമിക്കും. എന്നാൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ എന്ന് കേട്ടാൽ മിക്കവർക്കും രണ്ടാമതൊന്ന് ആലോചിക്കേണ്ടതായില്ല. മാർപാപ്പ ആകുന്നതിനു മുമ്പുള്ള അദ്ദേഹത്തിന്റെ പേരാണ്(പോളിഷ് ഉച്ചാരണം) ആദ്യം പറഞ്ഞത്. ദൈവം നമുക്ക് നൽകിയിരിക്കുന്ന താലന്തുകൾ നാം പരമാവധി പ്രയോജനപ്പെടുത്തുമ്പോൾ അത്രെ നാം ഏറ്റമധികം അംഗീകരിക്കപ്പെടുന്നത്. ലോകപ്രകാരം ഒരു മാർപാപ്പയുടെ അത്ര ഉയരത്തിൽ നമുക്ക് എത്തപ്പെടാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ ദൈവം പ്രതീക്ഷിക്കുന്ന തലം വരെ നാം എത്തുമ്പോൾ ലോകം മാനിച്ചില്ലെങ്കിലും സ്വർഗം നമ്മെ അർഹിക്കുന്ന വിധത്തിൽ അംഗീകരിക്കുക തന്നെ ചെയ്യും.

1978 ഓഗസ്റ്റ് 6ന് പോൾ ആറാമൻ മാർപാപ്പയുടെ വിയോഗത്തെ തുടർന്നായിരുന്നു ജോൺപോൾ ഒന്നാമൻ മാർപാപ്പ സ്ഥാനാഭിഷിക്തനായത്. നാടകീയ രംഗങ്ങൾ കാഴ്ച വച്ചുകൊണ്ടായിരുന്നു ആ സ്ഥാനരോഹണ ചടങ്ങ് അരങ്ങേറിയത്. എക്യുമെനിക്ക് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടത്തിവന്ന, കേവലം 48 വയസ്സ് പ്രായമുണ്ടായിരുന്ന റഷ്യൻ ഓർത്തഡോക്സ് സഭയുടെ ലെനിൻഗ്രിഡിലെ നിക്കോദിം മെത്രപ്പോലിത്ത ചടങ്ങിനിടയിൽ പെട്ടന്ന് കുഴഞ്ഞുവീണു മരിച്ചു. അന്ത്യ നിമിഷങ്ങളിൽ അദ്ദേഹത്തിനായി സ്ഥാനമേറ്റുകൊണ്ടിരുന്ന പാപ്പ പ്രാർത്ഥിച്ചു. ഒരു മാസം കഴിഞ്ഞതെയുള്ളു. കൂടുതൽ ജനകീയനായ പാപ്പയാകാൻ ശ്രമിച്ച ജോൺ പോൾ ഒന്നാമൻ സെപ്റ്റംബർ 28ന് നിര്യാതനായി. ആ ഒരു മാസം മാത്രം കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായിരുന്നതിനാൽ "സെപ്റ്റംബർ പോപ്പ് "എന്ന് അദ്ദേഹം അറിയപ്പെടുന്നു.

ഉടൻതന്നെ, ഒക്ടോബർ 16ന് കർദിനാൾ വൈറ്റിവ ജോൺ പോൾ രണ്ടാമൻ എന്ന പേരിൽ സ്ഥാനമേറ്റു. 2005 ഏപ്രിൽ 2ന് ചരമമടയുന്നത് വരെ പാപ്പയായി തുടർന്ന അദ്ദേഹം ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ ഏറ്റവും സ്വാധീനിച്ച വ്യക്തികളിൽ ഒരാളായിരുന്നു. പാപ്പാമാരുടെ ചരിത്രം പരിശോധിച്ചാൽ വാഴ്ചയുടെ ദൈർഘ്യത്തിൽ രണ്ടാമനും 1523ന് ശേഷം ഇറ്റലിയുടെ പുറത്തുനിന്നുള്ള ആദ്യ മാർപാപ്പയുമായ അദ്ദേഹം,എല്ലാ മുൻഗാമികളും വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമായി ഉയർത്തിയ വ്യക്തികളുടെ മൊത്തം സംഖ്യയെക്കാൾ അധികം പേരെ വാഴ്ത്തപ്പെട്ടവരും(1340) വിശുദ്ധരു(483)മായി ഉയർത്തി. ക്രൈസ്തവസഭകളിലെ വിവിധ വിഭാഗങ്ങളെയും ക്രൈസ്തവർ,മുസ്ലീങ്ങൾ,യഹൂദർ എന്നീ മതവിഭാഗങ്ങളെയും ഒരേ കുടക്കീഴിൽ നിർത്തുവാൻ ശ്രമിച്ചപ്പോൾ തന്നെ ഗർഭനിരോധനം, സ്ത്രീ പൌരോഹിത്യം തുടങ്ങിയ വിഷയങ്ങളിൽ യാഥാസ്ഥിതിക നിലപാടുകൾ അദ്ദേഹം സ്വീകരിച്ചു.

മാർപാപ്പ പദവിയിൽ 2005 ഏപ്രിൽ 19ന് എത്തിയ ജോസഫ് അലോഷ്യസ് റാറ്റ്സിഗർ ബെനെഡ്കിട് പതിനാറാമൻ എന്ന നാമധേയമാണ് സ്വീകരിച്ചത്. എഴുപത്തെട്ടാം വയസ്സിൽ മാർപാപ്പയായ ബെനെഡ്കിട് പതിനാറാമൻ ക്ലമന്റ് പന്ത്രണ്ടാമനു(1724–1730) ശേഷം ഈ പദവിയിലെത്തുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തിയായി. കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ അടിസ്ഥാന ക്രൈസ്തവ മൂല്യങ്ങളിലേക്കും പ്രാർത്ഥനയുടെ പാതയിലേക്കും തിരിച്ചുവരണമെന്നാണ് സഭാ തലവനെന്ന നിലയിൽ ആദ്യവർഷങ്ങളിൽ അദ്ദേഹം കത്തോലിക്കാ സമൂഹത്തെ ഉദ്ബോധിപ്പിച്ചത്. യൂറോപ്പ്യൻ സമൂഹങ്ങളിലെ വർദ്ധിത മതനിരപേക്ഷത ദൈവശബ്ദം ശ്രവിക്കുന്നതിൽനിന്നും മനുഷ്യരെ തടയുന്നതായി അദ്ദേഹം വിശ്വസിച്ചു. ഈ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്ന സഭയെ നയിക്കാൻ ഉള്ള ശാരീരികവും മാനസികവുമായ ആരോഗ്യം തനിക്കില്ലെന്നുള്ള കാരണം പറഞ്ഞാണ് അദ്ദേഹം സ്ഥാനത്യാഗം നടത്തിയത്.

ഇപ്പോഴത്തെ മാർപാപ്പയാണ് ഹോസെ മരിയോ ബെർഗോളിയോ എന്ന ഫ്രാൻസിസ്. 2013 മാർച്ച് 13–നാണ് ഇദ്ദേഹം കത്തോലിക്കാസഭയുടെ 266–ാമത് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. ശാരീരിക അവശതകൾ മൂലം ബെനെഡിക്ട് പതിനാറാമൻ ഫെബ്രുവരി 28ന് രാജിവച്ചതിനെത്തുടർന്നാണ് പുതിയ തെരഞ്ഞെടുപ്പ് നടന്നത്. അർജന്റീനക്കാരനായ ഇദ്ദേഹം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് ബ്യൂണസ് അയേഴ്സ് രൂപതയുടെ തലവനായിരുന്നു. ഔദ്യോഗിക വസതി ഉപേക്ഷിച്ച് നഗരപ്രാന്തത്തിലെ ചെറിയ അപ്പാർട്ടുമെന്റിലായിരുന്നു ജീവിതം. പൊതുഗതാഗതസംവിധാനത്തിലും ഇക്കണോമി ക്ലാസ്സിലും മാത്രം യാത്രചെയ്തിരുന്നു. ഇറ്റലിയിൽനിന്നും കുടിയേറിയ കുടുംബത്തിൽ പിറന്ന ബെർഗോളിയോ 1282 വർഷത്തിനുശേഷം ആദ്യമായി യൂറോപ്പിന് പുറത്തുനിന്ന് മാർപാപ്പ പദവിയിലെത്തിയ ആളാണ്. ലാറ്റിൻ അമേരിക്കയിൽ നിന്നും ആദ്യമായി മാർപാപ്പയാകുന്ന വ്യക്തിയും ഇദ്ദേഹമാണ്. വിമോചന ദൈവശാസ്ത്രത്തിനും കമ്മ്യൂണിസത്തിനും എതിരായി കടുത്ത നിലപാടുകൾ എടുക്കുമ്പോൾതന്നെ സമത്വത്തിനും പാവങ്ങളുടെ ഉന്നമനത്തിനും വേണ്ടി ശക്തിയുക്തം വാദിക്കുന്നയാളാണ് ഫ്രാൻസിസ് മാർപാപ്പ. സ്വവർഗ്ഗവിവാഹത്തിനും ഗർഭഛിദ്രത്തിനും സ്ത്രീപൌരോഹിത്യത്തിനും പുരോഹിത വിവാഹത്തിനും അദ്ദേഹം തീർത്തും എതിരാണ്. റെയിൽവേ തൊഴിലാളികളുടെ പുത്രനായി ജനിച്ച അദ്ദേഹം ലാളിത്യം മുഖമുദ്രയാക്കി നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. അപ്പൊസ്തലിക കൊട്ടാരത്തിലെ ഔദ്യോഗിക വസതിയിൽ താമസമാക്കാതെ അതിഥി മന്ദിരത്തിലാണ് പുതിയ മാർപാപ്പ താമസിക്കുന്നത്. സ്ഥാനചിഹ്നമായ മുക്കുവന്റെ മോതിരം സ്വർണത്തിനു പകരം സ്വർണം പൂശിയ വെള്ളിയിൽ തീർത്താണ് അണിഞ്ഞിരിക്കുന്നത്.

ഉപദേശപരമായി തീർത്തും വിഭിന്നമാണ് പെന്തകൊസ്തുമാർഗമെങ്കിലും മേൽപറഞ്ഞ പാപ്പമാരിൽ നിന്നെല്ലാം നമുക്ക് ചില പാഠങ്ങൾ ഉൾകൊള്ളാനുണ്ട്. ജോൺ പോൾ ഒന്നാമൻ തന്നെ ജനകീയനാക്കാൻ ശ്രമിച്ചപ്പോൾ (അദ്ദേഹം മുതൽ ആരും കിരീടധാരണം നടത്തിയില്ല) ജോൺപോൾ രണ്ടാമൻ തന്റെ മുൻഗാമിയോടുള്ള ബഹുമാനാർത്ഥം അതേ പേര് സ്വീകരിച്ചു. മാത്രമല്ല, 1981 മെയ് 13ന് തന്നെ വെടിവെച്ച് മൃതപ്രായനാക്കിയ മെഹ്മെദ് അലി ആജ്ജാ (ടർക്കിഷ് ഉച്ചാരണം)എന്ന മനുഷ്യനെ 1983 ലെ ക്രിസ്തുമസ് നാളിനു രണ്ടു ദിവസത്തിനു ശേഷം ജയിലിൽ സന്ദർശിച്ച് 20 മിനിട്ടോളം സംസാരിച്ചു, ഒരു സഹോദരനോടെന്ന പോലെ അയാളോട് ക്ഷമിച്ചു. നമ്മളും നമ്മെ നയിക്കുന്നവരും മറ്റുള്ളവരെ ആദരിക്കുവാനും നമ്മോടു തെറ്റ് ചെയ്യുന്നവരോട് ക്ഷമിക്കുവാനും ശീലിച്ചിരുന്നുവെങ്കിൽ എന്ന് ഓർത്തുപോകുന്നു.

ബെനെഡിക്ട് പതിനാറാമൻ ജനങ്ങളോട് അടുത്തിടപെഴുകുവാൻ തുറന്ന വാഹനത്തിൽ സഞ്ചരിക്കുന്നത് ഇഷ്ടപ്പെട്ടു. പെന്തകൊസ്തു സഭകളിലെ നേതൃസ്ഥാനീയർ സാധാരണ വിശ്വാസികളിൽ നിന്നും അകന്നുമാറാൻ താത്പര്യപ്പെടുന്നു. ജീവിതമേ സുതാര്യമല്ലാത്ത അടഞ്ഞ വാഹനമാക്കി പലരും മാറ്റിയിരിക്കുന്നു. മാറുന്ന ലോകത്തിൽ പല പരിഷ്കാരങ്ങളും അനുവദിച്ചുവെങ്കിലും അടിസ്ഥാന പ്രമാണങ്ങളിലും ജീവിതശൈലികളിലും പാപ്പമാർ മാറ്റം വരുത്തിയില്ല. നമ്മുടെ ഉപദേഷ്ടാക്കൾ ചിലരെങ്കിലും പലപ്പോഴും സമയവും സാഹചര്യവും സ്ഥലവും അനുസരിച്ച് പ്രമാണങ്ങളിലും ജീവിത രീതികളിലും മാറ്റങ്ങൾ അനുവദിക്കുന്നവരാണ്. കിരീടധാരണം പണ്ടേ നമുക്ക് ഇല്ലായിരുന്നു. എന്നാൽ, അധികാരത്തിന്റെയും പ്രശസ്തിയുടെയും തലക്കനം കിരീടമാക്കിയ സഭാനേതാക്കളും പ്രസംഗകരും കുറവല്ല. മരണം വരെ തനിക്ക് പരമാദ്ധ്യക്ഷ സ്ഥാനത്ത് തുടരാമായിരിന്നിട്ടും ബെനെഡിക്ട് പതിനാറാമൻ അങ്ങനെ ചെയ്തില്ല. പ്രായത്തിന്റെ അവശതകൾ ഏറെ ഉള്ള നമ്മുടെ ചില നേതാക്കന്മാർ സ്ഥാനമാനങ്ങൾ വിട്ടുകൊടുക്കാതെ അള്ളിപ്പിടിച്ചിരിക്കുന്ന കാഴ്ച എത്ര ശോചനീയം!

ആദ്യത്തെ മാർപാപ്പയായി വിശുദ്ധ പത്രൊസിനെയാണ് കത്തോലിക്കാ സഭ കണ്ടുവരുന്നത്. "നീ പത്രൊസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു; നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു". മത്തായി 16:18–19 വാക്യങ്ങൾ ആധാരമാക്കിയത്രെ അവർ ഈ നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നത്. പത്രൊസ് വള്ളത്തിൽ നിന്നും വലയെറിയുന്ന ഒരു ചിത്രം ആലേഖനം ചെയ്ത മോതിരമാണ് മുക്കുവന്റെ മോതിരം എന്ന അധികാരത്തിന്റെ പ്രതീകം. കല്പനകളിലും മറ്റും മുദ്ര പതിപ്പിക്കുവാൻ പാപ്പമാർ ഇതായിരുന്നു ഉപയോഗിച്ചു വന്നത്. നമ്മുടെ ശുശ്രൂഷകന്മാർ മോതിരം അണിയുന്നില്ലെങ്കിലും അധികാരത്തിന്റെ ഒരദൃശ്യ മോതിരം അവർ അണിഞ്ഞിരിക്കുന്ന പ്രതീതിയാണ് പലരുടേയും പെരുമാറ്റം കാണുമ്പോൾ. മോതിര വിരൽ ചൂണ്ടുവിരലാക്കി അവർ അടക്കി ഭരിക്കുവാൻ നോക്കുന്നു. എന്നാൽ പരിശുദ്ധാത്മപൂരിതനായ ശേഷം സഭയെ പത്രൊസ് എങ്ങനെ ശുശ്രൂഷിച്ചുവോ അത് മാതൃകയാക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. പോപ്പിനെ വിജയകരമായി തെരഞ്ഞെടുത്താൽ കർദിനാളുമാരുടെ സംഘം സിസ്റ്റൈൻ ചാപ്പലിലെ പുകക്കുഴൽ വഴി വെളുത്ത പുക പുറപ്പെടുവിക്കും. പരാജയമായാൽ കറുത്ത പുക. തെരഞ്ഞെടുപ്പു നാളുകളിൽ ഈ വെളുത്ത പുക പൊങ്ങുന്നത് കാണുവാൻ വ്യഗ്രതയോടെ ലോകം ആയിരിക്കും. പ്രതീകാത്മകമായി പറഞ്ഞാൽ, വെളുത്ത പുക നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യാശയാണ്. കറുത്ത പുകപടലങ്ങളെ വകഞ്ഞുമാറ്റി മേഘപാളികളിൽ വെളുത്ത പുക കാണാറായി... നമ്മുടെ കർത്താവിന്റെ പ്രത്യക്ഷത തന്നെ.

*– പാസ്റ്റർ എം. സാമുവൽകുട്ടി*

## കൽപനകളിലേക്ക് ജനം മടങ്ങിവരണം...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

നകൾ ലോകത്തിലെ എല്ലാ നിയമസംഹിതകളെയും സ്വാധീനിച്ചിട്ടുണ്ട്. പത്തു കൽപ്പനകളിൽ ആദ്യത്തെ നാലെണ്ണം നാം ദൈവത്തോട് പുലർത്തേണ്ട കടപ്പാടുകളെ സംഗ്രഹിച്ചിരിക്കുന്നു. ബാക്കിയുള്ള 6 കൽപ്പനകൾ നാ മറ്റുള്ളവരോടും നമ്മോടുതന്നെയും പുലർത്തേണ്ട കടപ്പാടുകളാണ്. ദൈവത്തോടുള്ള കടപ്പാടുകൾ നിർവ്വഹിക്കുന്നവർക്ക് മാത്രമേ മറ്റുള്ളവരോടുംള്ള കടപ്പാടുകളും നിറവേറ്റുവാൻ സാധിക്കുകയുള്ളുവെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി കൂട്ടിച്ചേർത്തു. കഴിഞ്ഞ 23 വർഷങ്ങളിലും ദൈവത്തിന്റെ അതുല്യമായ കരുതലും കാവലും ഐ.സി.എം പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്നത് ദൈവദാസൻ അനുസ്മരിച്ചു. കഴിഞ്ഞ 2 വർഷങ്ങളിൽ കൺവൻഷൻ നടത്തുവാൻ കഴിഞ്ഞില്ല എങ്കിലും ഈ വർഷം കൺവൻഷൻ നടത്തുവാൻ സാധിച്ചതിൽ താൻ ദൈവത്തിന് നന്ദിയർപ്പിച്ചു.

## ദൈവത്തിൽ നിന്ന് പകർത്തിയെടുക്കേണ്ടത്...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ജയിച്ച് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്തിന്റെ സാദ്ധ്യതകൾ അനവധിയാണ്. അപകടം കൂടാതെ ജീവിതയാത്രയിൽ മുന്നേറുവാൻ ഉത്ഥിതനായ യേശു നമുക്ക് നിത്യം വഴികാട്ടുന്നു. പൂർണ്ണ സംരക്ഷണം അവൻ വാഗ്ദത്തം ചെയ്യുന്നു. ജീവിതത്തിന്റെ പരാജയങ്ങളിൽ നിന്നും ക്രിസ്തു നമ്മെ വിജയത്തിലേക്ക് നയിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മുന്നിൽ ലോകത്തിലെ സകലശക്തികളും ശിരസ്സു നമിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു.

## മരണം വരെ വിശുദ്ധന് വേണ്ടത്....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

തിരിച്ചറിഞ്ഞു. മറ്റുള്ളവരെ നോക്കുന്നതുകൊണ്ട് നമ്മുടെ കുറ്റം നമുക്ക് കാണുവാൻ കഴിയുകയില്ല, പാസ്റ്റർ ഷാജു വിവരിച്ചു. പരാജയപ്പെട്ടവരുടെ ജീവിതം ഒരിക്കലും നാം മാതൃകയാക്കരുത്. പ്രകാശത്തിലേക്ക് നോക്കിയാലേ ഇരുട്ട് തിരിച്ചറിയുവാൻ നമുക്ക് സാധിക്കുകയുള്ളു. സാക്ഷാൽ പ്രകാശം യേശുക്രിസ്തുവാണ്. അവനെ നോക്കുമ്പോൾ നമ്മുടെ ന്യൂനതകൾ വ്യക്തമാകുന്നു. അത് നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്നു.

## ഓഡിനേഷൻ ലഭിച്ചു

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് കേരളാ റീജണിലെ ശുശ്രൂഷകരായ പാസ്റ്റർ രാജു റ്റി.പി, പാസ്റ്റർ ബോബി പി ജോൺ എന്നിവർക്ക് ഓർഡിനേഷൻ ലഭിച്ചു. 2013 മാർച്ച് 3 ന് അടൂർ ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന എഫ്. എഫ്.സി. ഐക്യ ആരാധനയിൽ ഇരുവർക്കും സഭാ പ്രസിഡന്റ് പാസ്റ്റർ എം സാമുവൽകുട്ടി ഓർഡിനേഷൻ നൽകി. പാസ്റ്റർ റ്റി.പി. രാജു അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ ശുശ്രൂഷകനാണ്. പാസ്റ്റർ ബോബി പി. ജോൺ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് രജിസ്ട്രാറും വടശ്ശേരിക്കര സഭയുടെ ശുശ്രൂഷകനുമാണ്.

## ശിശുപ്രതിഷ്ഠ നടത്തി

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ ജനറൽ കൺവൻഷൻ സമാപന സമ്മേളനത്തിന് തിളക്കമായി നാലു ശിശുക്കളെ ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. പാസ്റ്റർ ബിജു ബഞ്ചമിൻ–ലിൻസി ബിജു, പാസ്റ്റർ ബോബി പി ജോൺ–ഫേബാ ബോബി, ബ്രദർ ബിനു പി.ഡി – ബെറ്റി ബിനു, ബ്രദർ ബിജു പി –സജിനി എന്നി ദമ്പതികളുടെ ശിശുക്കളെയാണ് പ്രതിഷ്ഠിച്ചത്. പാസ്റ്റർ എം. സാമുവൽകുട്ടി പ്രതിഷ്ഠാ ശുശ്രൂഷ നടത്തി.

## പുത്രികാസംഘടനകളുടെ വാർഷികം

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ പുത്രികാ സംഘടനകളുടെ സംയുക്തവാർഷിക യോഗം 2013 മാർച്ച് 2 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അടൂർ മാർത്തോമ്മ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പാസ്റ്റർ എം.സാമുവൽകുട്ടി സമ്മേളനം ഉത്ഘാടനം ചെയ്തു. സണ്ടേസ്കൂൾ സെക്രട്ടറി സുവി. ബേബി ജോസഫ് പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ എഫ്.സി.വൈ. എം പ്രസിഡന്റ് പാസ്റ്റർ സുമേഷ് പി. ലാസർ അദ്ധ്യക്ഷത വഹിച്ചു. വിവിധ സംഘടനകളുടെ റിപ്പോർട്ടുകൾ സെക്രട്ടറിമാർ അവതരിപ്പിച്ചു. പാസ്റ്റർ ബിജു ബഞ്ചമിൻ, പാസ്റ്റർ മനോജ് തമ്പി, പാസ്റ്റർ ബിനു ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സുവി. സാം വില്ല്യം സ്വാഗതവും പാസ്റ്റർ എബി ജോർജ്ജ് നന്ദിയും പറഞ്ഞു. തുടർന്ന് സഭാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടന്നു


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# ബിരുദദാനം - കൺവൻഷൻ ദൃശ്യജാലകം

കൺവൻഷൻ റിപ്പോർട്ടിങ്ങ് : പാസ്റ്റർ ബിജു ബെഞ്ചമിൻ, പാസ്റ്റർ ബോബി പി. ജോൺ ഫോട്ടോഗ്രഫി : പാസ്റ്റർ ടി. ഡി. സുധാകരൻ



*ക്രിസ്തുവിനായ് മുന്നോട്ട് ... ബിരുദധാരികളും അതിഥികളും വേദിയിലേക്ക്*




*ചാരിതാർത്ഥ്യത്തോടെ.... കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ സന്ദേശം*



*മികവിന്റെ അംഗീകാരം... പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടീഫിക്കേറ്റുകൾ വിതരണം ചെയ്യുന്നു*




*അഭിമാനത്തോടെ..... സപ്ലിമെന്റ് പാസ്റ്റർ എം. സാമുവൽകുട്ടി, പാസ്റ്റർ എം. സാമുവൽകുട്ടി(മണക്കാല)ക്ക് കൈമാറി പ്രകാശനം ചെയ്യുന്നു*



*മഹത്തായ നിയോഗത്തിനായി... പാസ്റ്റർ എം. സാമുവൽകുട്ടിയും സദസും ബിരുദധാരികളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു*



*അസുലഭ നിമിഷം... ബിരുദധാരികൾ വിശിഷ്ട അതിഥികൾക്കും അദ്ധ്യാപകരോടും ഒപ്പം*




*വചന കേൾവിക്കായി കാതോർക്കാം.... ഐ.സി,എം. ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു ബഞ്ചമിൻ കൺവൻഷനിൽ സംസാരിക്കുന്നു*




*വചനത്തിന്റെ ഉദ്ഘോഷണം .. പാസ്റ്റർ ജെ. സി. പാറക്കടവിൽ കൺവൻഷനിൽ പ്രസംഗിക്കുന്നു*




*തിരുവെഴുത്തുകളുടെ പ്രതിധ്വനി...... പാസ്റ്റർ ഷാജു സി. ജോസഫ് കൺവൻഷനിൽ പ്രസംഗിക്കുന്നു*




*വചനപ്രബോധനം...... ഡോ.ബി. വർഗ്ഗീസ് (മണക്കാല) കൺവൻഷനിൽ പ്രസംഗിക്കുന്നു*

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# ഐ.സി.എം. 23-ാം വാർഷികവും സംയുക്താരാധനയും

**ഡൽഹി:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ഇരുപത്തിമൂന്നാം വാർഷികത്തോടനുബന്ധിച്ച് ഡൽഹി റീജൻ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധന 2013 മാർച്ച് 10ന് കിംങ്ങ്സ് വേ ക്യാമ്പ് സഭാഹാളിൽ വച്ച് നടന്നു. ഡൽഹി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിനോയി പി. ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരളാ റീജൻ അടൂർ സഭാശുശ്രൂഷകൻ പാസ്റ്റർ ടി.പി. രാജു മുഖ്യസന്ദേശം നൽകി.

കിംങ്ങ്സ് വേ ക്യാമ്പ് സഭാശുശ്രൂഷകൻ പാസ്റ്റർ ടി. ഡി. സുധാകരൻ 138-ാം സങ്കീർത്തനത്തിൽ നിന്നും പ്രബോധിപ്പിച്ചു. ജീവിത സാഹചര്യങ്ങളിൽ തകർന്നു പോകാവുന്ന അവസ്ഥകളിൽ കൂടെയുണ്ട് എന്ന് കരുതിയവർ അവിശ്വസ്തരായി മാറിയപ്പോൾ ദൈവം വിശ്വസ്തനായി നമ്മോടുകൂടെ ഉണ്ടായിരുന്നു. വാഗ്ദത്തങ്ങൾ തന്ന ദൈവം അത് നിവർത്തിക്കുവൻ ശക്തനെന്ന് തിരിച്ചറിഞ്ഞ് ദൈവത്തെ വിശ്വസ്തതയോടെ ആരാധിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർന്ന് റീജനിലെ എല്ലാ കുഞ്ഞുങ്ങൾക്കും സാക്ഷ്യം പറയുവാൻ അവസരം നൽകി. സഭാപ്രതിനിധികളുടെ സാക്ഷ്യത്തിനുശേഷം ജീവിക്കുന്ന സാക്ഷിയായി സഹോദരൻ ബേബി (പിറവം) തന്റെ അനുഭവസാക്ഷ്യം പ്രസ്താവിച്ചു. ഏഴ് മാസങ്ങൾക്ക് മുമ്പ് ജോലിക്ക് ഇടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് നാൽപ്പത്തിഎട്ട് മണിക്കൂർ മാത്രം ഡോക്ടേഴ്സ് ആയുസ് പറഞ്ഞ അദ്ദേഹത്തെ ദൈവം വിടുവിച്ച വിധങ്ങൾ അദ്ദേഹം വിവരിച്ചു. ദൈവമക്കളുടെ പ്രാർത്ഥന മൂലമാണ് താൻ ഇന്ന് ജീവിച്ചിരിക്കുന്നതെന്നും ഈ സാക്ഷ്യം മറ്റുള്ളവരെ അറിയിക്കുവാൻ താൻ പ്രതിജ്ഞാബദ്ധനായിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞകാലങ്ങളിൽ യഹോവ എബൻ-ഏസറായി നമ്മേ നടത്തിയ വിധങ്ങളെ വരും തലമുറക്ക് പകർന്നുകൊടുക്കുവാൻ ചില സ്മാരകങ്ങൾ ഉയരേണ്ടത് ആവശ്യമാണെന്ന് 1 ശമവേൽ 7:12 ആസ്പദമാക്കി പാസ്റ്റർ രാജു തന്റെ സന്ദേശത്തിൽ ഓർപ്പിച്ചു. തുടർന്ന് കഴിഞ്ഞ 23 വർഷം മിഷനെ കർത്താവ് നടത്തിയ വിധങ്ങൾ ഐ. സി. എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി വിവരിച്ചു. ദൈവീക ദർശനത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ, വിശ്വാസത്താൽ പ്രവർത്തന ചുവടുകൾ മുമ്പോട്ടു വച്ചപ്പോൾ പ്രതീക്ഷിക്കാത്ത വഴിയിൽകൂടി ദൈവം നടത്തി. കഴിഞ്ഞ വർഷങ്ങളിൽ തന്നോടൊപ്പം വിവിധ നിലകളിൽ മിഷനോട് ചേർന്ന് പ്രവർത്തിക്കുന്ന എല്ലാ പ്രവർത്തകരേയും പുതുവർഷത്തിലെ പ്രവർത്തന പദ്ധതിയേയും ദൈവകരങ്ങളിൽ സമർപ്പിച്ച് പാസ്റ്റർ സാമുവൽകുട്ടി പ്രാർത്ഥിച്ചു. തുടർന്ന് നടന്ന തിരുവത്താഴ ശുശ്രൂഷയ്ക്കും അദ്ദേഹം നേതൃത്വം നൽകി.

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് .....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ദൈവവചനം നന്നായി പഠിക്കുകയും വ്യാഖ്യാനിക്കുകയും വചനത്തിൽ മായം ചേർക്കാതെ പ്രസംഗിക്കുന്നവനുമായിരിക്കണം ഒരു നല്ലവേലക്കാരൻ, അദ്ദേഹം പറഞ്ഞു. പാസ്റ്റർ എം. സാമുവൽകുട്ടി ആമുഖ പ്രഭാഷണം നടത്തി. ഉച്ചയ്ക്ക് രണ്ടു മണിക്ക് പുത്രികാ സംഘടനകളുടെ വാർഷിക സമ്മേളനം പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. എഫ്.സി. വൈ.എം റീജൻ പ്രസിഡന്റ് പാസ്റ്റർ സുമേഷ് പി. ലാസർ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ 29 വർഷം സ്തുത്യർഹമായ നിലയിൽ ഡൽഹിയിൽ ആതുര സേവനം നിർവ്വഹിച്ചനന്തരം ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച കർത്തൃദാസി എലിസബത്ത് സാമുവലിന് സഹോദരി സമാജത്തിന്റെ ആദരവായി പ്രത്യേക പുരസ്ക്കാരം സമ്മാനിച്ചു. പ്രസ്തുത ഉപഹാരം മിസ്സിസ് പൊന്നമ്മ ജോണിൽ നിന്നും മിസ്സിസ്സ് എലിസബത്ത് സാമുവൽ ഏറ്റുവാങ്ങി. പുത്രികാ സംഘടനകളുടെ പുതിയ സാരഥികളെയും യോഗത്തിൽ തെരെഞ്ഞെടുത്തു. വൈകിട്ട് നടന്ന പൊതുയോഗത്തിൽ പാസ്റ്റർ ബിനു ജോൺ അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ.ബി വർഗ്ഗീസ് (മണക്കാല) വചനഘോഷണം നടത്തി. സത്യദൈവത്തെ ആരാധിക്കുവാൻ തീരുമാനിച്ച തലമുറകളെ ദൈവം അനുഗ്രഹിച്ചുവെന്നും നോഹയുടെ കാലത്ത് ദൈവത്തെ നിഷേധിച്ച തലമുറകളെ ദൈവം തകർത്തുകളഞ്ഞുവെന്നും അദ്ദേഹം പ്രസ്താവിച്ചു. അന്ത്യകാലത്ത് നോഹയുടെ കാലത്തിന് സദൃശമായ സാഹചര്യം സംജാതമാകുന്നുവെന്നും ജനം യഥാർത്ഥ ദൈവത്തെ തെരെഞ്ഞെടുക്കണമെന്നും താൻ ആഹ്വാനം ചെയ്തു.

മാർച്ച് 3-ന് രാവിലെ 8 മണിക്ക് സ്നാനാർത്ഥികൾക്കുള്ള ക്ലാസ്സ് പാസ്റ്റർ ബിജു ബഞ്ചമിൻ നയിച്ചു. 9 മണിക്ക് പാസ്റ്റർ എം. സാമുവൽകുട്ടി സ്നാന ശുശ്രൂഷ നിർവ്വഹിച്ചു. 10 മണിക്ക് ഐക്യ സഭായോഗം പാസ്റ്റർ വി.എം. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പാസ്റ്റർ റ്റി.പി രാജു സങ്കീർത്തന പ്രബോധനം നടത്തി. പാസ്റ്റർ എം സാമുവൽകുട്ടി മുഖ്യ സന്ദേശം നൽകി. കടന്നുവന്ന ദൈവമക്കൾ എല്ലാവരും ചേർന്ന് ഒറ്റവാക്കിൽ സാക്ഷ്യം പറഞ്ഞിരുന്നത് കൗതുകമുണർത്തി. തുടർന്ന് നാലു കുഞ്ഞുങ്ങളെ പാസ്റ്റർ എം സാമുവൽകുട്ടി ദൈവസന്നിധിയിൽ പ്രതിഷ്ഠിച്ചു. അതിന് ശേഷം പാസ്റ്റർ രാജു റ്റി.പി, പാസ്റ്റർ ബോബി പി ജോൺ എന്നിവർക്ക് യോഗത്തിൽ ഓർഡിനേഷൻ നൽകി. പാസ്റ്റർ എം സാമുവൽകുട്ടി കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ആത്മാവിലുള്ള ആരാധനയുടെ നിറവിൽ സാഹോദര്യത്തിന്റെ ചുംബനങ്ങൾ പങ്ക് വച്ച് സ്നേഹവിരുന്നോടെ 19-ാം ജനറൽ കൺവൻഷന് തിരശ്ശീല വീണു.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

തന്റെ സന്ദേശത്തിൽ പറഞ്ഞു. വിദ്യാർത്ഥികളുടെ പ്രതിനിധിയായി ബ്രദർ സർവ്വേഷ് കുമാർ പ്രസംഗിച്ചു. പാസ്റ്റർ റ്റി.പി രാജു പരിഭാഷപ്പെടുത്തി. പാസ്റ്റർ എം. സാമുവൽകുട്ടി ഗ്രാജുവേറ്റ്സിന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പഠനത്തിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ റവ. ഡോ. എം സ്റ്റീഫൻ വിതരണം ചെയ്തു. സുവി. ജോയൽ വി.ആർ വിദ്യാർത്ഥികളുടെ നന്ദി പ്രകാശനം നടത്തി. പാസ്റ്റർ മനോജ് തമ്പി വേദഭാഗം വായിച്ച് പാസ്റ്റർ എബി ജോർജ്ജിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കോളജ് വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ് സ്വാഗതവും ഡീൻ പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും പറഞ്ഞു. സുവി. ബാലചന്ദ്രൻ, പാസ്റ്റർ റ്റി.ഡി സുധാകരൻ, പാസ്റ്റർ ഡി ജോൺ, പാസ്റ്റർ സാജൻ ഈശോ എന്നിവർ ബിരുദധാരികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ ബിരുദധാരികളെ അവതരിപ്പിച്ചു. പാസ്റ്റർ ജയപ്രകാശ് കോഴ്സുകളെക്കുറിച്ചുള്ള വിശദീകരണം നടത്തി. പാസ്റ്റർ സ്റ്റാൻലി പി. വർഗ്ഗീസ് സമാപന പ്രാർത്ഥന നടത്തി.

### വേദവിചാരം

## സുവിശേഷം, സുവിശേഷീകരണം, പുതിയ പരിപ്രേക്ഷ്യങ്ങൾ



പാസ്റ്റർ ബിജു ബഞ്ചമിൻ

കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവും അനുഭവവുമാണ് സുവിശേഷം. മറ്റു വാക്കിൽ യേശുക്രിസ്തുവാണ് സുവിശേഷം. ദൈവം മനുഷ്യനായി തീർന്നതാണ് സുവിശേഷം. അഭൗമ്യനായ ദൈവം മനുഷ്യരാശിക്ക് കാണുവാനുംകേൾക്കുവാനും സപർശിക്കുവാനും ഉതകുന്ന അനുഭവത്തിൽ അവതരിച്ചതാണ് സുവിശേഷം. അശരണർക്കും ആലംബഹീനർക്കും, അടിച്ചമർത്തപ്പെട്ടവർക്കും, പാർശ്വവത്കരിക്കപ്പെട്ടവർക്കും അനുകമ്പയുടെ ആൾരൂപവും അനുഗ്രഹത്തിനുള്ള ആശ്രയവും അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും അത്താണിയും ആശ്വാസവുമായി സുവിശേഷം വർത്തിച്ചു. ജനനത്തിങ്കൽ ആരംഭിച്ച ആ അതുല്ല്യമായ സദ്വർത്തമാന പ്രഘോഷണം കാൽവരിയാഗത്തിന്റെ പരമകോടിയിലും ഉയർന്നുകേട്ടു. നിങ്ങൾക്ക് ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു എന്നതായിരുന്നു ജനനത്തിലെ സുവിശേഷമെങ്കിൽ മനുഷ്യജാതിയുടെ രക്ഷ പൂർത്തിയായി, സകലവും നിവർത്തിയായി എന്ന സത്യപ്രസ്താവനയായിരുന്നു ക്രൂശിലെ സുവിശേഷം. ക്രിസ്തുവാകുന്ന സുവിശേഷത്തിന്റെ ജനനത്തിനും മരണത്തിനുമിടയിൽ അവനെ അനുധാവനം ചെയ്ത ജനങ്ങളുടെ കർണ്ണപുടങ്ങളിലും മുഴങ്ങിക്കേട്ടത് സദ്വർത്തമാനധാരകളായിരുന്നു. കാതടപ്പിക്കുന്ന ശബ്ദകോലാഹലങ്ങൾക്കിടയിലും വേദനാ വാക്കുകളുടെ ഇടയിലും യേശുവിന്റെ വാക്കുകൾ അവരുടെ കാതുകളിൽ സുവിശേഷമായി മാറി. ഇന്നും അത് തുടർന്ന് കൊണ്ടിരിക്കുന്നു.

ക്രിസ്തുവാണ് സുവിശേഷമെങ്കിൽ അത് അറിയിക്കുന്ന പ്രക്യയയാണ് സുവിശേഷീകരണം. സുവിശേഷീകരണം അഥവാ ഇവാഞ്ചലിസം എന്ന വാക്ക് ഇവാൻഗേലിയോൻ (**Evangellion**) എന്ന യവനായ പദത്തിൽ നിന്നുമാണ് വന്നത്. സുവിശേഷ വിഹിത സഭാവിഭാഗക്കാരാണ് സഭയുടെ ഒഴിച്ചുകൂടാനാവാത്ത ഒരു പ്രവർത്തിയായും യേശുവിന്റെ അന്ത്യ ഉപദേശമായും സുവിശേഷം, സുവിശേഷീകരണം, സുവിശേഷകൻ, സുവിശേഷക തുടങ്ങിയ വാക്കുകൾ ഉപയോഗിച്ചു തുടങ്ങിയത്. ഇവാഞ്ചലി നുണ്ടിയാണ്ടി (**Evangli Nunti-andi**) എന്ന തന്റെ രേഖയിൽ പോൾ ആറാമൻ മാർപാപ്പ സുവിശേഷീകരണത്തിന് ഒരു നൂതന വ്യാഖ്യാനം നൽകി(**Dr. Gilbert Choondal,What is this New Evangelism**, ക്രിസ്തുജ്യോതി, **vol.** 28, മാർച്ച് 2012). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സഭയുടെ സമഗ്രമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന സമൂലമായ ഒന്നാണ് സുവിശേഷീകരണം. അപ്പൊസ്തലത്വം, ക്രിസ്തീയ ദൗത്യം, ക്രിസ്തീയ സാക്ഷ്യം, രക്തസാക്ഷിത്വം എല്ലാം അതിൽ ഉൾക്കൊള്ളുന്നു. സുവിശേഷീകരണത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃക യേശുക്രിസ്തുവാണ്. അവൻ സുവിശേഷം പ്രഘോഷിച്ചു(**Proclamation**). അവൻ ഊരുകളിൽ നിന്ന് ഊരുകളിലേക്ക് സഞ്ചരിച്ചു തന്റെ സന്ദേശം പരത്തി (**Transmission**) എല്ലാതരത്തിലുള്ളവരോടും അവൻ സുവിശേഷം അറിയിച്ചു(**Evagelisation**).സുവിശേഷീകരണത്തിന്റെ പൂർത്തീകരണത്തിനായി അവൻ രക്തസാക്ഷിത്വം വരിച്ചു. സുവിശേഷീകരണത്തിനായി സഭ ഇന്ന് വിവിധ മാർഗ്ഗങ്ങൾ പരതിക്കൊണ്ടിരിക്കുമ്പോൾ പ്രവർത്തനങ്ങളും പരിപ്രേക്ഷ്യങ്ങളും ക്രിസ്തുവിൽ നിന്നും ക്രിസ്തുമാർഗ്ഗത്തിൽ നിന്നുപോലും അകന്നു പോയ്ക്കൊണ്ടിരിക്കുന്നു. സുവിശേഷീകരണത്തിന്റെ കാമ്പും കാതലും ക്രിസ്തുവാണ്, ക്രിസ്തുവിന്റെ മാതൃകയാണ് എന്ന കാര്യം നാം മറന്നുപോകരുത്. സുവിശേഷീകരണത്തിന്റെ മാർഗ്ഗങ്ങളെല്ലാം തന്നെ ക്രിസ്തുവിനു ശേഷം മാത്രമേ വരികയുള്ളു.

സുവിശേഷീകരണത്തിൽ ഇന്ന് നമുക്ക് ഒരു പുതിയ പരിപ്രേക്ഷ്യമാണ് ആവശ്യം. പരിശുദ്ധാത്മാവിന്റെ ശക്തിയും നടത്തിപ്പും നിയോഗവും ഒഴിച്ചുകൂടുവാൻ കഴിയാത്തവയാണ്. ഒപ്പം കാലത്തിനനുസരിച്ചുള്ള ഉൾക്കാഴ്ചകളും പ്രവർത്തനരീതികളും അനിവാര്യമാണ്. ഇന്നത്തെ ലോകത്തിൽ സുവിശേഷം പ്രഘോഷിക്കുകയും അത് ജീവിതത്തിൽ പ്രതിഫലിച്ച് കാണുകയും ചെയ്യേണ്ടതിന് പുതിയ പാതകളും മേഘലകളും ഒരുക്കപ്പെടേണ്ടത് വളരെ പ്രധാനമാണ്. സുവിശേഷ പ്രഘോഷണത്തിന്റെ പുതിയ മേഘലകൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. കേട്ടു തഴമ്പിച്ച കാതുകൾ വിട്ട് സുവിശേഷം കേൾക്കാത്ത മേഘലകൾ നാം തേടിപ്പോകണം.

സുവിശേഷീകരണത്തിൽ നമുക്ക് പിന്നിലേക്കുള്ള ഒരു യാത്ര ആവശ്യമാണ്. ആദിമ സമൂഹത്തിന്റെ അനുഭവത്തിലേക്ക് നാം മടങ്ങിച്ചെല്ലണം. ഒന്നാം നൂറ്റാണ്ടിലെ സഭയുടെ ആത്മീയ കാഴ്ചപ്പാട് നാം പിടിച്ചെടുക്കണം. പരിശുദ്ധാത്മാവിന്റെ പ്രവർത്തിക്ക് വേണ്ടി നാം നമ്മേത്തന്നെ തുറന്നുകൊടുക്കണം. സുവിശേഷീകരണത്തിൽ നാം ശ്രദ്ധിക്കേണ്ട ഒന്നാണ് കഴിഞ്ഞകാലങ്ങളെ വിലയിരുത്തുക എന്നത്. എങ്കിൽ മാത്രമേ പ്രത്യാശയുടെ സുവിശേഷം പ്രാവർത്തികമായി പകർന്നു നൽകുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ഇന്നത്തെ ലോകത്തിൽ സുവിശേഷീകരണത്തിൽ രക്തസാക്ഷിത്വമാണ് ഏറെ ആവശ്യം. രക്തം ചിന്തി മരണം വരിക്കുന്നത് മാത്രമല്ല രക്തസാക്ഷിത്വം, അത് ഏറെ അഭികാമ്യം. എന്നാൽ നമ്മുടെ സ്വയത്തെ തകർത്ത് ജീവിതത്തിലെ സുഖലോലുപതകളെ വെടിഞ്ഞ് പച്ചയായ മനുഷ്യരായി പുറത്തുവരുന്ന രക്തസാക്ഷികളാണ് ഈ കാലഘട്ടത്തിൽ ഉണ്ടാകേണ്ടത്.

നാം അധിവസിക്കുന്ന ലോകത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് നാം അറിയാതിരിക്കരുത്. പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലും ഒരുപോലെ മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്യാത്മിക അധഃപതനം സർവ്വസാധാരണമായിരിക്കുന്നു. ആളുകൾ ലൗകീകരായി മാറുന്ന കാഴ്ചയാണ് എവിടെയും. ആളുകൾ എല്ലാ മേഘലകളിലും ഒറ്റപ്പെടുന്നു. മദ്യപാനം, ആത്മഹത്യ എന്നിവ വർദ്ധിക്കുന്നു. ഇതിലുപരിയായ പുതിയ പ്രശ്നങ്ങളും ഇന്ന് കുറവല്ല. പരമ്പരാഗത രീതികളുടെ പരാജയങ്ങൾ അവലോകനം ചെയ്തുകൊണ്ട് സുവിശേഷീകരണത്തിന്റെ സമയബന്ധിതമായ പദ്ധതികളിലേക്ക് നമുക്ക് പദമൂന്നാം. പരിശുദ്ധാത്മാവ് അതിനായി നമ്മേ സജ്ജരാക്കട്ടെ

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442